**നാണയങ്ങൾ തൂക്കംനോക്കി സ്വീകരിക്കാൻ ബാങ്കുകളോട് ആർ.ബി.ഐ**

ഏപ്രിൽ 19, 2004

പൊതുജനങ്ങൾക്ക് നിലവിലുള്ളതും അല്ലാത്തതുമായ നാണയങ്ങൾ ഇപ്പോൾ പൊതുമേഖല/സ്വകാര്യമേഖലാ ബാങ്കുകളുടെയും ആർ.ബി.ഐ യുടേയും കൗണ്ടറുകളിൽ കൊടുക്കാം. ബാങ്കുകളും ആർ.ബി.ഐ യും ഈ നാണയങ്ങൾ തൂക്കം നോക്കി സ്വീകരിക്കുന്നതാണ്.

അഞ്ച്, പത്ത്, ഇരുപത് പൈസയുടെ അലുമിനിയം നാണയങ്ങൾ, പത്തുപൈസയുടെ അലുമിനിയം ചെമ്പ് നാണയങ്ങൾ, പത്തു പൈസയുടെ സ്റ്റെയിൻലെസ് സ്റ്റീൽ നാണയങ്ങൾ, 25, 50 പൈസ, 1 രൂപ എന്നിവയുടെ കാപ്രോനിക്കൽ നാണയങ്ങൾ എന്നിവ തൂക്കം അനുസരിച്ച് സ്വീകരിക്കാൻ മുംബൈയിലെ എല്ലാ പൊതു/സ്വകാര്യ മേഖലാ ബാങ്കുകളോടും ആർ.ബി.ഐ നിർദേശിച്ചു. അത്തരം നാണയങ്ങൾ കൈവശമുള്ള പൊതുജനങ്ങൾ നാണയത്തിന്റെ സംഖ്യ, ലോഹം എന്നിവ നോക്കി വേർതിരിച്ച് 100 എണ്ണം വീതമുള്ള പോളിത്തീൻ കിഴികളിലാക്കി കൗണ്ടറുകളിൽ കൊടുക്കണമെന്ന് ആർ.ബി.ഐ അഭ്യർത്ഥിച്ചു. 25 പൈസ, 50 പൈസ, 1 രൂപ എന്നിവയുടെ നിലവിലുള്ള സ്റ്റെയിൻലെസ് സ്റ്റീൽ നാണയങ്ങളും, 2 രൂപ, 5 രൂപ എന്നിവയുടെ കാപ്രോനിക്കൽ നാണയങ്ങളും ഇതേ രീതിയിൽ സ്വീകരിക്കപ്പെടാനുള്ള ഏർപ്പാടുകൾ നിലവിലുണ്ട്.

അൽപ്പനാ കില്ലാവാല
മുഖ്യ പൊതുകാര്യദർശി

പത്രക്കുറിപ്പ് 2003-2004/1241